**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1704.**

**12/06/2019 -ൽ മറുപടിയ്ക്ക്**

# ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | | **ഡോ.കെ.ടി.ജലീൽ (ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായതും പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ ആകുമെന്നും വ്യക്തമാക്കാമോ? | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിച്ച തുകയുടെ വിവരങ്ങളും അവയുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.<br>1. ലേഡീസ് ടോയ് ലറ്റ് - 7 ലക്ഷം രൂപ – പ്ലാൻ ഫണ്ട് - 2016-17<br>പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.PWD യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.<br>2. ക്ലാസ്സ് റൂം നിർമ്മാണം - 5 ലക്ഷം രൂപ പ്ലാൻ ഫണ്ട് - 2017-18.<br>പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായി. എന്നാൽ PWD യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.<br>3. താൽക്കാലിക അക്കാദമിക് ബ്ലോക്ക് - ബഹു.എം.എൽ.എ. ഷംസീർ അവർകളുടെ ആസ്തി വികസന ഫണ്ട് - 25 ലക്ഷം രൂപ<br>a.സിവിൽ വർക്ക് - 15 ലക്ഷം രൂപ (ലിന്റിൽ ഉയരത്തിൽ ഭിത്തി, പ്ലാസ്റ്ററിംഗ്, സിമന്റ് ഫ്ലോറിംഗ് തുടങ്ങിയവ.)<br>താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ചുറ്റിലും ലിന്റിൽ ഉയരത്തിൽ ഭിത്തി, പ്ലാസ്റ്ററിംഗ്, സിമന്റ് ഫ്ലോറിംഗ് തുടങ്ങിയവ. വർക്കുകൾ പൂർത്തിയായി എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.<br>b.ഇലക്ട്രിക്കൽ വർക്ക് - 10 ലക്ഷം രൂപ<br>താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടന്നു വരികയാണ്.<br>4. താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ക്ലാസ്സ് റൂം പാർട്ടീഷൻ, കിണർ, ജെന്റ്സ് ടോയ് ലറ്റ് എന്നിവയുടെ നിർമ്മാണം - 35 ലക്ഷം രൂപ – CIUP പ്ലാൻ ഫണ്ട് - 2018-19. |

ക്ലാസ്സ് റൂം പാർട്ടീഷൻ പൂർത്തിയായി. കിണറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ 2019 ജൂൺ മാസം അവസാനത്തോടുകൂടി പൂർത്തിയാകുമെന്ന് PWD അധികൃതർ പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട്.

5. അക്കാദമിക് മെയിൻ ബ്ലോക്ക്- ബഹു.കോടിയേരി ബാലകൃഷ്ണൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ (2013-14).

അക്കാദമിക് മെയിൻ ബ്ലോക്ക് - PWD വർക്ക് 2017 ൽ ആരംഭിച്ചു. രണ്ട് നിലകളുടെയും കോൺക്രീറ്റ് സ്ട്രക്ചർ, റൂഫിംഗ് വർക്കുകൾ പൂർത്തിയായി. ക്ലാസ്സ് റൂം പാർട്ടീഷൻ, പ്ലാസ്റ്ററിംഗ് വർക്കുകൾ നടന്നു വരുകയാണ്

6. കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്കായി ആകെ തുകയായ 9.043 കോടി രൂപ 07.06.2018 ലെ കിഫ്ബി ഉത്തരവ് നമ്പർ HED007-02-PA-01 പ്രകാരം അനുവദിച്ചിട്ടുണ്ട്.

| Description | Recommended Cost (In Cr.) |
|---|---|
| Civil Works | |
| Academic Block | 4.355 |
| Canteen Block | 1.225 |
| Sump and Pump-External water supply | 0.093 |
| RCC septic tank | 0.079 |
| Hostel Block | 2.673 |
| Sump and Pump External water supply | 0.093 |
| RCC Septic tank | 0.053 |
| Total cost for civil works | 8.571 |
| Electrical Works | |
| Electrical Works for academic block | 0.279 |
| Electrical Works for Hostelblock | 0.132 |
| Electrical Works for canteen block | 0.061 |
| Total cost for electrical works | 0.472 |
| Total Cost (in Cr) | 9.043 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷമുള്ള തുടർനടപടികൾ നിർവഹണ ഏജൻസിയായ KITE മുഖേന സ്വീകരിച്ചു വരുന്നു. 2020 മെയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**